# പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2084 — 01.02.2018-ൽ മറുപടിയ്ക്ക്

### കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മാലിന്യങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

ചോദ്യം

ശ്രീ.തോമസ് ചാണ്ടി

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| കുട്ടനാട്ടിലെ നെൽകൃഷി ഇറക്കുന്ന ഇരുപതിനായിരം ഹെക്ടർ സ്ഥലത്തെ രാസവിഷമാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് പുറം തള്ളുന്നതിനാൽ പ്രസ്തുത മണ്ഡലത്തിലെ ജനങ്ങൾക്ക് മാരകമായ അസുഖങ്ങൾ പിടിപെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ? | കുട്ടനാടൻ മേഖലയിൽ രാസവിഷമാലിന്യങ്ങൾ പുറംതള്ളുന്നതുമൂലം ഏതെങ്കിലും തരത്തിലുള്ള മാരകരോഗങ്ങൾ പിടിപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടനാടൻ മേഖലയിൽ ക്യാൻസർ രോഗം വ്യാപിക്കുന്നതായുള്ള പത്രവാർത്തകളെ തുടർന്ന് കുട്ടനാട്ടിലെ വിവിധമേഖലകളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നുണ്ടെങ്കിലും ആലപ്പുഴയിലെ മറ്റ് മേഖലകളേക്കാൾ കൂടിയ അളവിൽ ക്യാൻസർ രോഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ